# 1. അണു–ആയുധങ്ങൾ: അടിസ്ഥാന വസ്തുതകൾ

അണു–ആയുധങ്ങൾ നിരോധിക്കുന്നതിനെ സംബന്ധിച്ച വാർത്തകൾ കൂടെക്കൂടെ പത്രങ്ങളിൽ കാണാം. പൊട്ടും പൊടിയുമായി ചില വാർത്തകൾ ചേർക്കുമെന്നല്ലാതെ, യഥാർത്ഥ വസ്തുതകൾ അർത്ഥഗർഭമായി വിവരിക്കാൻ പത്രക്കാർ മെനക്കെടാറില്ല. ആയുധനിർമാണം, പ്രത്യേകിച്ച് അണു–ആയുധനിർമാണം, പരമരഹസ്യമായാണ് എല്ലാ സർക്കാരുകളും നടത്തുന്നത്. ആയുധവ്യാപാരത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. അതിനാൽ, അണു–ആയുധങ്ങളുടെ സ്വഭാവമെന്തെന്നോ, ഓരോ ഗവണ്മെന്റിന്റെയും പക്കൽ എത്ര അണു–ആയുധങ്ങളുണ്ടെന്നോ, അവയുടെ സംഹാരശക്തി എത്രയെന്നോ കൃത്യമായി അറിയാൻ നിവൃത്തിയില്ല. വസ്തുതകളുടെ ഇഴ ചേർത്തെടുക്കാൻ കഴിയാത്ത, അമൂർത്തങ്ങളായ വാർത്തകൾ വായിച്ചു വായിച്ച് ആളുകൾക്കു മടുത്തും കഴിഞ്ഞു. അതിനാൽ, അണു–ആയുധനിരോധനം സംബന്ധിച്ച പത്രവാർത്തകളിൽ ശ്രദ്ധിക്കുന്നവർ ഇപ്പോൾ ചുരുക്കമാണ്.

എന്നാൽ, അങ്ങനെ ശ്രദ്ധിക്കാതെ തള്ളിക്കളയേണ്ട വിഷയമല്ലിത്. നമ്മുടെ അസ്വസ്ഥമായ കാലഘട്ടത്തിലെ അത്യന്തം ദ്രോഹകരമായ വസ്തുതയാണ് വൻശക്തികൾ നിർമിച്ചു കൂട്ടിയിട്ടുള്ള അണു–ആയുധങ്ങൾ. അവസരം വരുമ്പോൾ പ്രയോഗിക്കാനല്ലാതെ, ബുദ്ധിയുള്ള ആരും ആയുധം ഉണ്ടാക്കുകയില്ല. അണു–ആയുധങ്ങളുടെ സംഹാരശക്തി പലതവണ പരീക്ഷിച്ച് അറിഞ്ഞിട്ടുള്ളതാണ്. രണ്ടു തവണ അവ പട്ടണങ്ങളുടെ നേർക്കു പ്രയോഗിക്കപ്പെട്ടു. പലതവണ, മണ്ണിനടിയിലും, വെള്ളത്തിനടിയിലും, അന്തരീക്ഷത്തിലും എല്ലാം, നിയന്ത്രിതപരീക്ഷണങ്ങൾക്ക് അവ വിധേയമാവുകയുംചെയ്തു. ഇപ്പോൾ ഉണ്ടാക്കി ഒരുക്കിവെച്ചിട്ടുള്ള അണു–ആയുധങ്ങളിൽ കുറെയെങ്കിലും പ്രയോഗിച്ചാൽ, പിന്നെ ഭൂമിയിൽ സസ്യരൂപത്തിലോ, ജന്തുരൂപത്തിലോ, കൃമികീടാദിരൂപത്തിലോ ജീവൻ വളരെയൊന്നും അവശേഷിക്കാൻ സാദ്ധ്യതയില്ല. വിദഗ്ധന്മാർ എല്ലാവരും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. 1945–ൽ ജപ്പാനിലുണ്ടായ രണ്ട് അണു–ആയുധസ്ഫോടനങ്ങൾ രണ്ടു നഗരങ്ങളെ നിശ്ശേഷം നശിപ്പിച്ചു. മുപ്പത്തെട്ടു വർഷം മുമ്പുണ്ടായ ഈ സ്ഫോടനങ്ങളുടെ ദുഷ്ഫലങ്ങൾ ഇനിയും ഇല്ലാതായിട്ടുമില്ല. പിന്നീടുള്ള കാലഘട്ടത്തിൽ അണു–ആയുധനിർമാണത്തിൽ നടക്കുന്ന പുരോഗതി ഉണ്ടായിട്ടുണ്ട്. ആറ്റംബോംബിൽനിന്നു ഹൈഡ്രജൻ ബോംബിലേക്കും അതിൽനിന്നു ന്യൂട്രോൺ ബോംബിലേക്കും എല്ലാം നിർമാണം നീങ്ങിക്കഴിഞ്ഞു. ഇപ്പോൾ ഫാക്ടറികളിൽ നിർമിക്കുന്ന ശരാശരി അണു–ആയുധങ്ങൾ ഓരോന്നും ഹിരോഷിമയിലിട്ട അണുബോംബിന്റെ

മുപ്പതിരട്ടിയെങ്കിലും സംഹാരശക്തി ഉണ്ടത്രെ. ശക്തി വർദ്ധിപ്പിക്കുന്നതോടൊപ്പം അണു–ആയുധങ്ങളുടെ വലിപ്പം കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. ഹിരോഷിമയിലും നാഗസാകിയിലുമിട്ട അണുബോംബുകൾ ഓരോന്നും കയററിക്കൊണ്ടു പോകാൻ ഓരോ വിമാനം വേണ്ടിയിരുന്നു. ഇപ്പോൾ ഒരേ ഒരു റോക്കററിൽ പതിനഞ്ചുവരെ അണു–ആയുധങ്ങൾഘടിപ്പിക്കാം; ഇവ ഓരോന്നും വ്യത്യസ്ത ലക്ഷ്യങ്ങളിൽ വീഴ്ത്തുകയും ആവാം. പീരങ്കിയിൽ ഉണ്ടയായി നിറച്ചു വെടിവെച്ചു ലക്ഷ്യത്തിൽ വീഴ്ത്താവുന്ന, അത്ര ചെറിയ, അണു–ആയുധങ്ങളും നിർമിച്ചുവരുന്നുണ്ട്. ഹിരോഷിമയിൽ അണുബോംബ് എറിഞ്ഞ കാലത്ത്, അണു–ആയുധങ്ങൾ പ്രയോഗിക്കാൻ ബോംബർ വിമാനങ്ങൾതന്നെ വേണമായിരുന്നു. ഇപ്പോൾ വിമാനത്തിൽ കയററിയും, റോക്കററിൽ തൊടുത്തും, സമുദ്രത്തിന്റെ മീതെ ഓടുന്ന കപ്പലുകളിലും താഴെ ഓടുന്ന മുങ്ങിക്കപ്പലുകളിലും ഉള്ള 'ലോഞ്ചറു'കളിൽ ഘടിപ്പിച്ചും, കരയിൽ ടാങ്കുകളിൽവെച്ചും, പീരങ്കികളിൽ നിറച്ചും ഒക്കെ, അണു-ആയുധങ്ങൾ പ്രയോഗിക്കാമെന്നായിട്ടുണ്ട്. കൈകൊണ്ട് എടുത്ത് എറിയാവുന്ന അണുഗ്രെനെയ്ഡുകളും ഉണ്ടാക്കിക്കൂടായ്കയില്ല. ഇതിനെല്ലാം പുറമേ, അണുആയുധങ്ങൾ വലിയ റോക്കററുകൾവഴി ഭൂമിയുടെ മുകളിൽ, ബാഹ്യാന്തരീക്ഷത്തിലെത്തിച്ചുതുടങ്ങിയിട്ടുമുണ്ടെന്നാണു കേൾവി. അന്തരീക്ഷത്തിൽ ഈ ആയുധങ്ങൾ, ഉപഗ്രഹങ്ങൾപോലെ, ഒരു നിശ്ചിതമായ ഭ്രമണപഥത്തിൽ, ഭൂമിക്കു ചുററും കറങ്ങിക്കൊണ്ടിരിക്കും. വേണമെന്നു തോന്നുമ്പോൾ ഇവയെ താഴോട്ടിറക്കി നിശ്ചിതലക്ഷ്യങ്ങളിൽ വീഴ്ത്താനുള്ള യന്ത്രസംവിധാനങ്ങൾ ഇപ്പോൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെ നിയന്ത്രണത്തിലുള്ള ഈ സംവിധാനങ്ങൾ ഉദ്ദേശിച്ച സ്ഥലത്തുതന്നെ ആയുധം കൊണ്ടുപോയി ഇട്ട് പൊട്ടിക്കുമെന്നതിൽ സംശയം വേണ്ട. മനുഷ്യവർഗത്തിന്റെയാകെ ജീവിതത്തെയും ഭാഗധേയത്തെയും നിലനില്പിനെത്തന്നെയും ബാധിക്കുന്നവയാകയാൽ, ഈ വസ്തുതകൾ വേണ്ടത്ര വിശദമായി നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്.

അമേരിക്കയും സോവ്യററ്യൂണിയനുമാണ്, പൊതുവെ അറിയപ്പെടുന്ന രണ്ട് അണു–ആയുധശക്തികൾ. അമേരിക്ക മൊത്തം ദേശീയ വരുമാനത്തിൽ ആറു ശതമാനം ദേശരക്ഷയുടെ പേരിൽ ചെലവഴിച്ചുവരികയാണത്രെ. അതിഭീമമായ ഒരു തുകയാണിതു്. 1985–ൽ മുപ്പത്തിനാലായിരം കോടി ഡോളർ സൈനികാവശ്യങ്ങൾക്കു ചെലവഴിക്കാൻ അമേരിക്ക തീരുമാനിച്ചിട്ടുണ്ട്. 1980 മുതൽക്കുള്ള അഞ്ചു വർഷങ്ങളിൽ ആകെ ഒന്നരലക്ഷം കോടി ഡോളർ അമേരിക്ക സൈനികാവശ്യങ്ങൾക്കായി ചെലവഴിക്കുന്നതാണ്. തുക പറയാമെന്നല്ലാതെ, അതിന്റെ വലിപ്പത്തെപ്പററി ചിന്തിക്കാൻപോലും നമുക്കു സാദ്ധ്യമല്ല. അമേരിക്കയെ കടത്തിവെക്കുവാൻ പ്രതിജ്ഞാബദ്ധമായ സോവ്യററ്യൂണിയനും ഏതാണ്ട് ഇത്രതന്നെ വലിയ ഒരു തുക, ഈ കാലഘട്ടത്തിൽ, ഇതേ ആവശ്യത്തിനായി, ചെലവഴിക്കേണ്ടിവരും. അമേരിക്കക്കാരുടെ കണക്കുകൂട്ടൽ അനുസരിച്ച് സോവ്യററ് യൂണിയന്റെ മൊത്തം ദേശീയവരുമാനത്തിന്റെ പതിനാറു ശതമാനത്തോളമാണ് ഇതു്. യഥാർത്ഥത്തിൽ ഈ രണ്ടു ഗവണ്മെൻറുകളും അണു–ആയുധങ്ങൾ നിർമിക്കാൻ എത്ര പണം ചെലവഴിക്കുന്നു എന്ന് നമുക്ക് അറിഞ്ഞുകൂടാ. ഒന്നുമാത്രം അറിയാം. അണു–ആയുധങ്ങൾ നിർമിക്കാൻ ഇവർ ഉപയോഗിക്കുന്ന പണം മുഴുവൻ നിർമാണാത്മകപ്രവർത്തനങ്ങളിലേക്കു തിരിച്ചുവിട്ടിരുന്നുവെങ്കിൽ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിൽനിന്നും ദാരിദ്ര്യം ഇതിനകം തുടച്ചുമാററാമായിരുന്നു; എല്ലാ മനുഷ്യർക്കും ഭക്ഷണവും, വേണ്ടത്ര വസ്ത്രവും നല്ല പാർപ്പിടവും, മികച്ച വിദ്യാഭ്യാസവും മെച്ചപ്പെട്ട ആരോഗ്യസേവന

സൗകര്യങ്ങളും മാനമായ തൊഴിലും, തൊഴിലിന് അനുസരിച്ച വേതനവും നല്കുവാൻ സാധിക്കുമായിരുന്നു; അമേരിക്ക സ്വപ്നം കാണുന്ന സമ്പന്ന സമുദായമോ, സോവ്യററ് യൂണിയൻ പാരുന്തികലക്ഷ്യമായി കരുതുന്ന കമ്യൂണിസ്റ്റ് സമുദായമോ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും നിലവിൽ വരുത്താമായിരുന്നു.

അമേരിക്കയ്ക്കും സോവ്യററ് യൂണിയനും പുറമേ, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങളുടെ കൈയിലും കുറെ അണു–ആയുധങ്ങൾ ഇപ്പോൾത്തന്നെ ഉണ്ട്. ചൈനയുടെ കൈയിലും അണു–ആയുധങ്ങളുള്ളതായി സോവ്യററ് വൃത്തങ്ങൾ പറയുന്നു. ഇന്ത്യയുടെ കൈവശം ഒരു അണുബോംബെങ്കിലും ഉണ്ടെന്നാണ് ചില അന്യനാട്ടുകാർ വിശ്വസിക്കുന്നത്. തെക്കെ ആഫ്രിക്ക, ഇസ്രയേൽ എന്നീ രാജ്യങ്ങളുടെ കൈയിലും അണു–ആയുധങ്ങൾ ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്. ജപ്പാൻ, പടിഞ്ഞാറൻ ജർമനി എന്നീ രാജ്യങ്ങൾക്ക് എന്നു വേണമെങ്കിലും അണു–ആയുധങ്ങൾ വൻതോതിൽ നിർമിക്കാൻ കഴിയും. പാക്കിസ്ഥാൻ, അർജൻറീന, മെക്സിക്കോ, ബ്രസീൽ തുടങ്ങി വേറെയും പല രാജ്യങ്ങളും 'അണു–ആയുധ ക്ലബ്ബി'ൽ അംഗത്വം നേടാൻ സന്നദ്ധരായിട്ടുണ്ട്.

ഇപ്പോൾ അമേരിക്കയുടെയും സോവ്യററ് യൂണിയൻെറയും ആയുധശേഖരങ്ങളിൽ ഒമ്പതിനായിരം വീതം അണു–ആയുധങ്ങളുണ്ടെന്നാണ് ചില അമേരിക്കൻ പത്രങ്ങൾ പറയുന്നത്. കമ്യൂണിസ്റ്റ് ചേരിയിലുള്ള ചില പത്രങ്ങളുടെ അഭിപ്രായത്തിൽ, അമേരിക്കയിൽത്തന്നെ പതിന്നാലായിരത്തിൽപരം അണു–ആയുധങ്ങളുണ്ട്.

അണു–ആയുധങ്ങൾ പൊതുവെ രണ്ടു തരമാണ്. റഷ്യയിൽനിന്ന് അമേരിക്കയിലും അമേരിക്കയിൽനിന്ന് റഷ്യയിലും പ്രയോഗിക്കുന്നതിനുവേണ്ടി വലിയ ഭൂഖണ്ഡാന്തര–റോക്കററുകളിൽ ഘടിപ്പിച്ചും, ബോംബർ വിമാനങ്ങളിലും അണുശക്തികൊണ്ട് ഓടുന്ന കപ്പലുകളിലും മററും കയററിയും തയ്യാറാക്കിയിരിക്കുന്ന കൂററൻ അണു–ആയുധങ്ങളാണ് ഒരുവക. ഇവയെ 'സ്ട്രാറെറജിക്' (യുദ്ധതന്ത്രപ്രാധാന്യമുള്ള) ആയുധങ്ങൾ എന്നു പറയുന്നു. ഇവയുടെ സ്ഫോടനശക്തി കണക്കാക്കുന്നത് 'മെഗാടൺ' അടിസ്ഥാനത്തിലാണ്. പത്തുലക്ഷം ടൺ ആണ് ഒരു മെഗാടൺ. അമേരിക്കയുടെ ആയുധശേഖരത്തിൽ അണു–ആയുധങ്ങൾ ഘടിപ്പിച്ച ആയിരത്തി അമ്പത്തിമൂന്ന് ഭൂഖണ്ഡാന്തര റോക്കററുകളും (ഐ.സി. ബി.എം.) നാനൂററിപ്പതിനൊന്ന് ബോംബർ വിമാനങ്ങളും അണുശക്തികൊണ്ട് ഓടുന്ന നാല്പതു മുങ്ങിക്കപ്പലുകളിൽ ഘടിപ്പിച്ച അറുനൂററി നാല്പത്തെട്ടു ലോഞ്ചറുകളും അടക്കം രണ്ടായിരത്തി മുന്നൂററി മുപ്പത്തെട്ടു വിക്ഷേപണോപകരണങ്ങൾ ഉള്ളതായി ഒരു റഷ്യൻ പ്രസിദ്ധീകരണത്തിൽ കാണുന്നു. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് ഓരോന്നും അമ്പതിനായിരം ടൺമുതൽ ഒരു കോടി ടൺവരെ വിസ്ഫോടനശക്തിയുള്ള പതിനായിരം അണു–ആയുധങ്ങൾ ഒരേ സമയത്ത് ശത്രുവിനെതിരെ പ്രയോഗിക്കാമത്രെ. ഈ വിക്ഷേപണോപകരണങ്ങളിൽ രണ്ടായിരത്തിയിരുനൂറെറഴുപത്തിമൂന്നെണ്ണം അമേരിക്കയിൽനിന്ന് യൂറോപ്പിലേക്ക് അണു–ആയുധം പ്രയോഗിക്കാൻ ഉതകുന്നവയാണ്. അമേരിക്കൻ ഭൂഖണ്ഡാന്തര റോക്കററുകളിൽ ഒരേസമയം രണ്ടായിരത്തി ഒരുനൂററമ്പത്തിമൂന്ന് അണുബോംബുകൾ കയററാം. അമേരിക്കയുടെ കൈവശമുള്ള അണു–ആയുധങ്ങളിൽ പകുതിയും ഒരേസമയം കയററിക്കൊണ്ടുപോകാവുന്നവയാണ്. മുമ്പു പറഞ്ഞ നാല്പതു് അണുശക്തിമുങ്ങിക്കപ്പലുകൾ. സോവ്യററ് യൂണിയനിൽ എവിടെ വേണമെങ്കിലും അണു–ആയുധങ്ങൾ വീഴ്ത്താൻ പാകത്തിന് ഇവയെ കടലുകളിൽ പലേടത്തായി നിർത്തിയിരിക്കുന്നു. 'സ്ട്രാറെറജിക്' അണു–ആയുധങ്ങൾ കയററിയ അമേരി

ക്കൻ ബോംബർവിമാനങ്ങളിൽ കരയെണ്ണം അമേരിക്കൻ വൻകരയിലും, കറെ ശാന്തസമുദ്രത്തിലെ 'ഗ്വാം' എന്ന ദ്വീപിലുള്ള അമേരിക്കൻ പട്ടാളത്താവളത്തിലുമാണുള്ളത്. ഇവ അണു—ആയുധങ്ങളും വഹിച്ച് കൂടെക്കൂടെ റഷ്യൻ അതിർത്തിപ്പുറങ്ങളിൽ റോന്തുചുററുന്നു. എണ്പത്തിനാലുഞത്തെട്ടു യുദ്ധക്കപ്പലുകളുള്ള അമേരിക്കൻ സേനയിൽ അണുശക്തി കൊണ്ട് ഓടുന്നവയും ഓരോന്നിലും ഒരേസമയം തൊണ്ണൂറു വിമാനങ്ങളും കയററാവുന്നവയും ആയ മൂന്നു പടുകൂററൻ വിമാനവാഹിനിക്കപ്പലുകളുണ്ട്.

ഈ വിക്ഷേപണോപകരണങ്ങൾക്കു പുറമെയാണ് അടുത്തകാലത്തു വളരെയധികം ചർച്ചാവിഷയമായ എം. എക്സ്. (മിസൈൽ എക്സ്പെരിമെൻറൽ) എന്ന മിസൈലുകൾ. ആറുലക്ഷം ടൺ (അതായത് ഹിരോഷിമ ബോംബിൻെറ മുപ്പതിരട്ടി) വീതം വിസ്ഫോടനശക്തി ഓരോന്നിനുമുള്ള പത്ത് അണുബോംബുകൾ എം. എക്സ്. മിസൈലുകളോരോന്നിലും ഘടിപ്പിക്കാം. ഇവ പത്തു വ്യത്യസ്ത ലക്ഷ്യങ്ങളിൽ, മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തുനിന്ന് ഏതാനും മീററർപോലും അകന്നു പോകാതെ വീഴ്ത്തുകയുമാവാം. ഇത്തരം നൂറ് എം. എക്സ് മിസൈലുകൾ (ആകെ ആയിരം അണു—ആയുധങ്ങൾ, അറുപതു കോടി ടൺ സ്ഫോടനശക്തി) കഷ്ടിച്ച പത്തുമൈൽ നീളമുള്ള ഒരു സ്ഥലത്ത് ഭൂമിക്കടിയിൽ കനത്ത കോൺക്രീററ് ഭിത്തികൾക്കുള്ളിൽ, സോവ്യററ് യൂണിയനിലെ വ്യത്യസ്ത നഗരങ്ങളിലേക്കു ചൂണ്ടി, ഏതു നിമിഷത്തിലും പ്രയോഗിക്കാൻ സന്നദ്ധമാക്കി സ്ഥാപിക്കുന്നതിന് അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ തീരുമാനിച്ചു. 'ഡെൻസ്പാക്ക്' (കുത്തിനിറയ്ക്കൽ) എന്നറിയപ്പെടുന്ന ഈ റോക്കററ്സംവിധാനത്തെ റഷ്യക്കാർ ആദ്യമായി അണുബോംബുകൾ പ്രയോഗിച്ച് ആക്രമിച്ചാലും, പാഞ്ഞുവരുന്ന റഷ്യൻറോക്കററുകൾ പരസ്പരം കൂട്ടിമുട്ടി പൊട്ടി നശിക്കുമെന്നും, ഈ ആക്രമണത്തിനുശേഷവും എം. എക്സ്. മിസൈലുകളിൽ പകുതി (അമ്പതെണ്ണം) എങ്കിലും കേടുകൂടാതെ പ്രയോഗസജ്ജമായി, അവശേഷിക്കുമെന്നും ആണ് ഇതിനു പിന്നിലുള്ള യുക്തി. പക്ഷേ, പ്രതീക്ഷയ്ക്കു വിരുദ്ധമായി എം. എക്സ്. പദ്ധതിക്കു പണം അനുവദിക്കാൻ അമേരിക്കൻ കോൺഗ്രസ് വിസമ്മതിച്ചു. എന്നാലും 'ഡെൻസ്പാക്ക്' പരിപാടി ഉപേക്ഷിക്കപ്പെട്ടിട്ടില്ല. അതു സംബന്ധിച്ച ഗവേഷണവികസന—പ്രവർത്തനങ്ങൾ തുടരാൻ ആവശ്യമുള്ളത്ര പണം റെയ്ഗന് അനുവദിച്ചുകിട്ടിയിട്ടുണ്ട്. കോൺഗ്രസ് അവരുടെ മുൻതീരുമാനം ഇനി ഭേദപ്പെടുത്തിക്കൂടെന്നുമില്ല.

അണു—ആയുധങ്ങളുടെ നിർമാണവും വിന്യസനവും സംബന്ധിച്ച് അമേരിക്കയും റഷ്യയും തമ്മിൽ നിലവിലുള്ള സന്ധികളുടെ നഗ്നമായ ലംഘനമാണ് എം. എക്സ് പരിപാടി എന്നു റഷ്യക്കാർ ആക്ഷേപിക്കുന്നു. 'സ്ട്രാറെറജിക്' അണു—ആയുധങ്ങളും അവ വിക്ഷേപിക്കാനുള്ള ഭൂഖണ്ഡാന്തര റോക്കററ് (ഐ. സി. ബി. എം.) മുതലായ ഉപകരണങ്ങളും നിയന്ത്രിക്കുന്നതു സംബന്ധിച്ച സംഭാഷണം അമേരിക്കൻ—സോവ്യററ് ഗവണ്മെൻറുകൾ തമ്മിൽ എത്രയോ വർഷങ്ങളായി ജനീവയിൽ നടന്നുവരുന്നു. പറയത്തക്ക ഒരു ഫലവും ഈ സംഭാഷണംകൊണ്ട് ഉണ്ടായിട്ടില്ല.

'സ്ട്രാറെറജിക്' ആയുധങ്ങൾ യുദ്ധരംഗങ്ങളിൽനിന്ന് അകലെ, നഗരങ്ങൾ നശിപ്പിക്കാനുള്ളവയാണ്. യുദ്ധരംഗങ്ങളിൽ പ്രയോഗിക്കാൻ ഉദ്ദേശിച്ചുള്ള, ചെറിയ അണുആയുധങ്ങളെ 'ടാക്ററിക്കൽ' അഥവാ 'തിയേററർ' ആയുധങ്ങൾ എന്നു പറയുന്നു. നമുക്ക് അവയെ 'പോർക്കള ആയുധങ്ങൾ' എന്നു വിളിക്കാം. നാലോ, അഞ്ചോ ആയിരം

കിലോമീററിൽ താഴെ മാത്രം ദൂരം സഞ്ചരിക്കുന്ന ചെറിയ റോക്കററുകളിൽ ഘടിപ്പിച്ചും, പീരങ്കികളിൽ ഉണ്ടകളായി നിറച്ചും, വിമാനങ്ങളിലും ഹെലിക്കോപ്ററുകളിലും ടാങ്കുകളിലും സംഭരിച്ചും മററും ഇവ യുദ്ധരംഗങ്ങളിൽ പരസ്പരം പ്രയോഗിക്കാം. 'ടാക്ററിക്കൽ' ഇനത്തിൽപ്പെട്ട അണു—ആയുധങ്ങളുടേയും, അവ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കുന്നതിനുള്ള ഉപകരണങ്ങളുടേയും നിർമാണരംഗത്തിൽ അടുത്ത കാലത്തു വന്നുചേർന്നിട്ടുള്ള പുരോഗതി അമ്പരപ്പുളവാക്കുന്നതാണ്. ഒരു വിദൂരസാദ്ധ്യത എന്ന നിലയിൽനിന്ന് അണുയുദ്ധഭീഷണിയെ യൂറോപ്പിലെ ഓരോ വീട്ടിലും, ഓരോ അടുക്കളയിലും, എത്തിച്ചതു് 'ടാക്ററിക്കൽ' ആയുധങ്ങളാകുന്നു.

സോവ്യററ് യൂണിയനെതിരെ അമേരിക്കയുടെ നേതൃത്വത്തിൽ യൂറോപ്പിലെ രാജ്യങ്ങൾ ചേർന്നുണ്ടാക്കിയ സഖ്യമാണ് 'നാറേറാ' (വടക്കേ അത്ലാൻറിക്കിലെ സഖ്യസംഘടന). യൂറോപ്പിൽ നാറേറാ നിരത്തിയ സൈന്യവ്യൂഹത്തിൽ മൂന്നര ലക്ഷത്തോളം അമേരിക്കൻ സൈനികർ ഉണ്ട്. മൂവായിരം ടാങ്കുകൾ, രണ്ടായിരത്തഞ്ഞൂറു പീരങ്കികൾ, ആയിരം ഹെലിക്കോപ്ററുകൾ, നൂററമ്പതു മിസൈൽ ലോഞ്ചറുകൾ, അയ്യായിരം ടാങ്ക് വിധ്വംസക—നിയന്ത്രിത—മിസൈൽ ലോഞ്ചറുകൾ, അണു—ബോംബുകൾ കയററാവുന്ന നാനൂറിലേറെ വിമാനങ്ങൾ, വേറെ നാനൂററമ്പതു വിമാനങ്ങൾ, ഏഴായിരത്തിലേറെ അണു—ആയുധങ്ങൾ എന്നിവ അടക്കം അത്യാധുനികങ്ങളായ ആയുധങ്ങളും അവ പ്രയോഗിക്കുന്നതിനുള്ള ഉപകരണങ്ങളും എല്ലാമുണ്ടെങ്കിലും, സോവ്യററ് പട ശരിക്കൊരു യുദ്ധത്തിനു മുതിർന്നാൽ അവരെ ചെറുത്തുനിൽക്കാൻ 'നാറേറാ' സൈന്യത്തിനു കഴിയുകയില്ലെന്നാണു സങ്കല്പം. അതിനാൽ ആവശ്യം വരുന്നപക്ഷം സോവ്യററ് യൂണിയനെതിരെ പ്രയോഗിക്കാൻ പാകത്തിന് അഞ്ഞൂറെറഴുപത്തിരണ്ട് അമേരിക്കൻ മിസൈലുകൾ 1983 അവസാനമാവുമ്പോഴേക്ക് യൂറോപ്പിൽ സ്ഥാപിക്കാൻ നാറേറാ രാജ്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ 'പെർഷിങ്' എന്നറിയപ്പെടുന്ന മിസൈലുകൾ കുത്തനെ മേല്പോട്ട് ബാഹ്യാന്തരീക്ഷത്തിലേക്കുയർന്നു വളഞ്ഞുകുത്തി ലക്ഷ്യത്തിൽ വീഴുന്നവയാണ്. 'ക്രൂയീസ് മിസൈൽ' എന്നറിയപ്പെടുന്നവ, കമ്പ്യൂട്ടറിൻെറ നിയന്ത്രണത്താൽ ഭൂമിക്കു മുകളിലൂടെ, നിലം തൊട്ടു—തൊട്ടില്ല എന്ന മട്ടിൽ സഞ്ചരിച്ച്, ലക്ഷ്യത്തിൽ ചെന്നുപതിക്കുന്നു. 'യൂറോ മിസൈൽ' എന്നു വിളിക്കപ്പെടുന്ന ഈ പുതിയ അണു—ആയുധങ്ങൾ സ്ഥാപിക്കുന്നതിനു നിലം ഒരുക്കുന്ന പണി 1982 ഡിസംബറിൽ ഇററലിയിലും ബ്രിട്ടനിലും പശ്ചിമജർമനിയിലും ആരംഭിച്ചിട്ടുണ്ട്. ബ്രിട്ടനിൽ സ്ത്രീകളുടെ വലിയ ഒരു സംഘം ഈ പണികൾ നടത്തുന്ന സ്ഥലത്തു പോയി, അവിടെ അണു—ആയുധങ്ങൾ സ്ഥാപിക്കുന്നതിനെതിരെ പ്രകടനം നടത്തുകയുണ്ടായി, എന്നാലും യൂറോമിസൈൽ സ്ഥാപിക്കുന്നതു സംബന്ധിച്ച സിവിൽ എൻജിനീയറിംഗ് പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടില്ല.

ഇപ്പുറത്ത് യൂറോപ്യൻ റഷ്യയിൽ ഇടത്തരത്തിൽപ്പെട്ട മൂന്നൂററിരുപത്തിനാലു മിസൈലുകൾ 'നാറേറാ' ക്കെതിരെ മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഈ മിസൈലുകൾ ഓരോന്നിലും മുമ്മൂന്ന് അണു—ആയുധങ്ങൾ വീതം ഘടിപ്പിക്കാം. താമസിയാതെ യൂറോപ്യൻ റഷ്യയിലെ ഈ മിസൈലുകളുടെ എണ്ണം മൂന്നൂററിനാല്പത്തിരണ്ടായി ഉയരും. അമേരിക്കൻ അണു—ആയുധങ്ങൾക്കു പുറമെ, ഫ്രാൻസിൻെറയും ബ്രിട്ടൻെറയും ചൈനയുടെയും അണു—ആയുധങ്ങളിൽനിന്നുകൂടി തങ്ങൾ ഭീഷണി നേരിടുന്നുണ്ടെന്നും, അതിനാൽ ഇത്തരം മിസൈലുകൾ റഷ്യയുടെ പടിഞ്ഞാറും കിഴക്കും അതിർത്തികൾക്കുകുത്തു സ്ഥാപിക്കേണ്ടതാവ

ശ്യമാണെന്നുമാണ് റഷ്യയുടെ വാദം. യൂറോപ്പിൽനിന്നു് അമേരിക്കയുടെ അണു—ആയുധങ്ങരം എടുത്തു മാററുകയും ഫ്രാൻസിന്റെയും ബ്രിട്ടന്റെയും അണു—ആയുധങ്ങരം പൊളിച്ചുകളയുകയുമാണെങ്കിൽ തങ്ങളുടെ ഈ മിസൈലുകരം യൂറോപ്യൻ റഷ്യയിൽനിന്നു പിൻവലിക്കാമെന്നു് റഷ്യ സമ്മതിച്ചിട്ടുണ്ട്. പക്ഷേ, സ്വന്തം അണു—ആയുധങ്ങരം, എണ്ണത്തിൽ അവ വളരെ കുറവാണെങ്കിലും, കൈവിടാൻ ഫ്രാൻസോ, ബ്രിട്ടനോ തയ്യാറല്ല.

അമേരിക്കൻ അണു—ആയുധങ്ങരം യൂറോപ്പിൽ സ്ഥാപിക്കുന്നതിന്റെ ഫലം എന്തായിരിക്കും? യൂറോപ്പിന്റെ രക്ഷയ്ക്കു് ഇവ ഉതകുമോ? തങ്ങരം ആദ്യമായി അണു—ആയുധങ്ങരം ഒരിക്കലും പ്രയോഗിക്കുകയില്ലെന്നു് റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു യുദ്ധമുണ്ടായാൽ ആദ്യത്തെ അടികൊണ്ടുതന്നെ അമ്പേ തകർന്നുപോകാതിരുന്നാൽ, റഷ്യ അണു—ആയുധങ്ങരം ഉപയോഗിച്ചു തിരിച്ചടിക്കുമെന്നതിനു സംശയമില്ല. അങ്ങനെ സംഭവിക്കുന്നപക്ഷം, പടിഞ്ഞാറൻ യൂറോപ്പിൽ പിന്നെ വിശേഷിച്ചൊന്നും ബാക്കിയുണ്ടാവില്ല. 'യൂറോഷിമ' എന്ന പേരിൽ അറിയപ്പെടുന്ന യൂറോപ്പിന്റെ ഈ കത്തിയെരിഞ്ഞുനശിക്കൽ വിദൂരമായ ഒരു ഭീഷണിയല്ലാതെ, ഇപ്പോരം സംഭവ്യമായ ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടുണ്ട്. എന്നിട്ടും, ഈ വിപ്ളവത്തിനെതിരെ ശക്തമായ ഒരു ജനകീയമുന്നേററം യൂറോപ്പിൽ രൂപംകൊള്ളുന്നില്ല. അമേരിക്കൻ മിസൈലുകരം നോർവേയിൽ സ്ഥാപിക്കുന്നതിനെതിരെ ആ രാജ്യത്തിലെ പാർലമെന്റിൽ എതിർകക്ഷി അവതരിപ്പിച്ച പ്രമേയം രണ്ടു വോട്ടിനു തോല്പിക്കുകയാണുണ്ടായതു്. പശ്ചിമജർമനിയിലെ ഇപ്പോഴത്തെ ചാൻസലർ യൂറോമിസൈലുകരം ജർമനിയിൽ സ്ഥാപിക്കുന്ന കാര്യത്തിൽ അമേരിക്കൻ പ്രസിഡണ്ട് റെയ്ഗനേക്കാരം കൂടുതൽ ആവേശം കാണിക്കുന്നുണ്ട്. ബ്രിട്ടനിൽ ഈ മിസൈലുകരം സ്ഥാപിക്കുന്നതിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയും വളരെ താല്പര്യമെടുക്കുന്നു. തങ്ങളുടെ രാജ്യങ്ങളിൽ അമേരിക്കൻ മിസൈലുകരം സ്ഥാപിക്കുന്നതിനു് ഹോളണ്ടും ബെൽജിയവും ഇതുവരെ സമ്മതിച്ചിട്ടില്ല. പക്ഷേ, ഈ രണ്ടു രാജ്യങ്ങളിലും ഇപ്പോരം ഉള്ളതു് റഷ്യൻ വിരോധം പുലർത്തുന്ന വലതുപക്ഷ—കൂട്ടുഗവണ്മെന്റുകളാണ്. അവർ അമേരിക്കൻആവശ്യത്തിനു ക്രമേണ വഴിപ്പെടാനാണു സാദ്ധ്യത. സ്പെയിൻ പ്രധാനമന്ത്രിയും സോഷ്യലിസ്റ്റുമായ ഫിലിപ്പ് ഗോൺസാലസ്, ഏതായാലും മിസൈൽ സ്ഥാപനത്തിന്നെതിരാണ്. റഷ്യയ്ക്കെതിരായ നാറേറാ സഖ്യത്തിൽനിന്നുതന്നെ സ്പെയിൻ പിൻമാറിയേക്കാം. പക്ഷേ, അതുകൊണ്ടു് നാറേറാവിനു വലിയ ബലക്ഷയമൊന്നും വരാനില്ല.

അമേരിക്കൻ വൻകരയ്ക്കടുത്തുള്ള ക്യൂബയിൽ ക്രൂഷ്ചേവിന്റെ കാലത്തു് ഏതാനും റഷ്യൻ മിസൈലുകരം സ്ഥാപിച്ചപ്പോരം അമേരിക്കൻ പ്രസിഡണ്ടായിരുന്ന കെന്നഡി റഷ്യയുമായി ഒരു യുദ്ധത്തിനു തന്നെ ഒരുങ്ങി. സ്വന്തം അതിർത്തിക്കു ചുററും അമേരിക്കൻ മിസൈലുകരം സ്ഥാപിക്കുന്നതു കണ്ടു് സോവിയററ് യൂണിയൻ കൈയും കെട്ടി ഇരിക്കുമോ? സമ്പന്നമെങ്കിലും, തൊഴിലില്ലായ്മയിലും, സാമ്പത്തിക മാന്ദ്യത്തിലും ആഴ്ന്നുകിടക്കുന്ന യൂറോപ്പ് ഈ പ്രശ്നത്തിൽ എങ്ങനെ പ്രതികരിക്കും? തങ്ങളുടെ നിലനില്പിനെ ബാധിക്കുന്ന ഈ പ്രശ്നം അമേരിക്കയ്ക്കും റഷ്യയ്ക്കുമായി വിട്ടുകൊടുത്തു് യൂറോപ്പുകാർ മിണ്ടാതെ ബിയറും കുടിച്ചു് ഇരിക്കുമോ, പ്രത്യേകിച്ചു യുവജനങ്ങരം? എത്ര കാലം?

'സാരംട്ട്', 'സ്ററാർട്ട്' മുതലായ സംക്ഷിപ്തനാമങ്ങളിൽ അറിയപ്പെടുന്ന അണു—ആയുധ—മിസൈൽ—നിരോധ—നിയന്ത്രണ സംഭാഷ

ണങ്ങളെക്കുറിച്ചുള്ള വാർത്തകൾ പത്രത്തിൽ വായിക്കുമ്പോൾ ഇത്തരം പശ്ചാത്തലവസ്തുതകൾ ഓർത്തിരിക്കുന്നതു കൊള്ളാം. മനുഷ്യവർഗത്തിന്റെ ജീവിത—മരണ പ്രശ്നമാണ് ഇവിടെ തുലാസിൽ തൂങ്ങുന്നതു്.

(10 ജനവരി, 1983)

## 2. അണുബോംബുകൾ പൊട്ടുമ്പോൾ

'ദീ ത് സൈററ്'' എന്ന പശ്ചിമജർമനിയിലെ പത്രം മെയ് 13—ാം തീയതി ഇങ്ങനെ എഴുതി:

'ഇടത്തരം മിസൈലുകൾ' (വിക്ഷേപണാസ്ത്രങ്ങൾ) യൂറോപ്പിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച ചർച്ചകൾ ജനീവയിൽ നടത്തിക്കൊണ്ടിരിക്കുന്ന അമേരിക്കൻ—സോവ്യററ് യൂണിയൻ പ്രതിനിധിസംഘങ്ങളുടെ സമയം അതിവേഗം ഒടുങ്ങിക്കൊണ്ടിരിക്കയാണ്.

'അവർക്ക് ഒത്തുതീർപ്പിലെത്താൻ കഴിയാതിരുന്നാൽ ഈ ആണ്ടിന്റെ അവസാനം പടിഞ്ഞാറേ യൂറോപ്പിലെ രാജ്യങ്ങൾ മിസൈൽ നവീകരണപദ്ധതിയുമായി മുന്നോട്ടുപോകും. ഈ നവീകരണപദ്ധതി സംബന്ധിച്ച ആലോചനകൾ 1979—ൽ തുടങ്ങിയതാണ്.

'അപ്പോൾ അമേരിക്കയുടെ ആദ്യത്തെ മിസൈലുകൾ പടിഞ്ഞാറെ ജർമനി, ഇററലി, നോർവെ, ഹോളണ്ട്, ബ്രിട്ടൻ എന്നീ അഞ്ചു രാജ്യങ്ങളിൽ സ്ഥാപിക്കപ്പെടും.'

യൂറോപ്പിലെ ഈ അഞ്ചു രാജ്യങ്ങളിൽ അഞ്ഞൂറെറഴപത്തിരണ്ടു മിസൈലുകളാണ് അമേരിക്ക സ്ഥാപിക്കുക. ഈ മിസൈലുകൾ രണ്ടു തരത്തിൽ ഉള്ളവ ആയിരിക്കും. 'പെർഷിങ്'' എന്ന തരം മിസൈലുകൾ കത്തനെ ഉയർന്നു ബാഹ്യാന്തരീക്ഷത്തിലെത്തി, വളഞ്ഞു്, തിരികെ ഭൂമിയിൽ നിശ്ചിതലക്ഷ്യത്തിൽ വീഴുന്നു. 'ക്രൂയിസ് മിസൈൽ' എന്നറിയപ്പെടുന്ന രണ്ടാമത്തെ തരം ഭൂമിക്കു മുകളിലൂടെ, നിലം തൊട്ടു—തൊട്ടില്ല എന്ന മട്ടിൽ സഞ്ചരിച്ചു ലക്ഷ്യത്തിൽ ചെന്നു പതിക്കുന്നു. ഈ രണ്ടിനം മിസൈലുകൾ ഓരോന്നിലും എത്ര ആററംബോംബുകൾ ഘടിപ്പിക്കുമെന്ന് അറിഞ്ഞുകൂടാ. പക്ഷേ, ഒരേസമയം പതിനഞ്ചു് ആററംബോംബുകളെവരെ വഹിച്ചു പറന്ന്, പതിനഞ്ചു വ്യത്യസ്ത ലക്ഷ്യങ്ങളിൽ ഈ ബോംബുകൾ വിക്ഷേപിക്കാൻ വേണ്ട സംവിധാനങ്ങളുള്ള മിസൈലുകൾ ഇപ്പോൾ നിലവിലുണ്ട്.

'അണു—ആയുധങ്ങൾ: ചില അടിസ്ഥാന വസ്തുതകൾ' എന്ന ഒരു ലേഖനം ഫെബ്രുവരി 6—ാം തീയതിയിലെ കുങ്കുമത്തിൽ ചേർത്തിരുന്നു. 'ഇപ്പോൾ അമേരിക്കയുടെയും സോവ്യററ് യൂണിയന്റെയും ആയുധശേഖരങ്ങളിൽ ഒമ്പതിനായിരം വീതം അണു—ആയുധങ്ങളുണ്ടെന്നാണു ചില അമേരിക്കൻ പത്രങ്ങൾ പറയുന്നതു്. കമ്യൂണിസ്റ്റ് ചേരിയിലുള്ള ചില പത്രങ്ങളുടെ അഭിപ്രായത്തിൽ, അമേരിക്കയിൽത്തന്നെ പതിന്നാലായിരത്തിൽപ്പരം അണു—ആയുധങ്ങളുണ്ട്'' എന്ന് ആ ലേഖനത്തിൽ ഞങ്ങൾ എഴുതിയിരുന്നു.

എന്നാൽ, 'ന്യൂയോർക്കർ' എന്ന സുപ്രസിദ്ധമായ അമേരിക്കൻ വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചതും 1982—ൽ അമേരിക്കയിലും കാനഡയിലും പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചതുമായ ജോനാഥാൻ ഷെല്ലിന്റെ 'ദി ഫെയ്ററ് ഓഫ് ദി എർത്ത്'' (ഭൂമിയുടെ വിധി)